ചാലക്കുടി ബ്ലോക്കിലെ പി.എം.ജി.എസ്.വൈ.-റോഡുകളുടെ നവീകരണം

184 (1654) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. യിൽ ഉൾപ്പെടുത്തി റോഡുനവീകരണത്തിന് അനുമതി ലഭിച്ച റോഡുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(ബി) ചാലക്കുടി ബ്ലോക്കിൽ ഏതൊക്കെ റോഡുകൾക്കാണ് പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിരുന്നത് ; പ്രസ്തുത റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) 2008-09 സാമ്പത്തിക വർഷം 7-ാം ഘട്ടത്തിൽ 1155 കി. മീ ദൈർഘ്യംവരുന്ന 420 റോഡുകൾ അഭിവൃത്തിപ്പെടുത്തുന്നതിന് 486.74 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും, ആയത് കേന്ദ്ര തലത്തിലുള്ള എംപവേർഡ് കമ്മിറ്റി തത്വത്തിൽ അംഗീകരിക്കുവാനായി കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുമുണ്ട്. ഇതിൽ 533 കി.മീ. ദൈർഘ്യം വരുന്ന പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകി. ഇതിന്റെ കരാർ ഉറപ്പിച്ച് വിശദാംശങ്ങൾ സമർപ്പിക്കുന്നതിന് അനുസൃതമായി ബാക്കി റോഡുകൾക്കുള്ള അനുമതി നൽകാമെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ടെന്റർ ചെയ്തു എങ്കിലും 524.436 കി.മീ ദൈർഘ്യം വരുന്ന 221.18 കോടി രൂപയ്ക്കുള്ള 162 പ്രവൃത്തികളുടെ കരാറാണ് ഉറപ്പിച്ചിട്ടുള്ളത്. ശേഷിക്കുന്ന 265.56 കോടി രൂപയുടെ 630.557 കീ.മീ ദൈർഘ്യം വരുന്ന 258 റോഡുകളുടെ നിർമ്മാണത്തിനുള്ള തുടർ അനുമതിക്കായി 10-7-2009-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിൽ സെപ്തംബർ 2010-ൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി കേന്ദ്ര സർക്കാരിന്റെ പുനർഅനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറക്ക് ടെണ്ടർ ചെയ്ത് പണി ആരംഭിക്കുന്നാതാണ്.

(ബി) ചാലക്കുടി ബ്ലോക്കിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച റോഡുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly